പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .162

06.01.2014-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ. ഗുരുദാസൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്; എന്നത്തേയ്ക്ക് കമ്മീഷൻ പ്രവർത്തനം പുന:രാരംഭിക്കും; | (എ) | ഉണ്ട്. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 31.12.2007 വരെ വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്ത മത്സ്യത്തൊഴിലാളികളിൽ 2008 -ലെ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ നിയമത്തിൽ വിഭാവനം ചെയ്ത പ്രകാരം, അർഹതയുള്ളവർക്ക് വായ്പാ തിരിച്ചടവിന്റെ ഭാരം ഒഴിവാക്കാനായി കടാശ്വാസം ശുപാർശ ചെയ്ത് സർക്കാരിനെ അറിയിക്കുക എന്ന ചുമതല കമ്മീഷൻ നിർവ്വഹിക്കുന്നുണ്ട്. |
| (ബി) | 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം കടം എഴുതിത്തള്ളുന്നതിന് എത്ര തുക അനുവദിച്ചു; എത്ര പേർക്ക് പ്രസ്തുത തുക ലഭ്യമായെന്നു വിശദീകരിക്കാമോ; | (ബി) | മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം, 1969 ലെ കേരള കോ ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകൾ തുടങ്ങിയ സാമ്പത്തിക സ്രോതസ്സുകളിൽ നിന്ന് വായ്പ എടുത്ത് കുടിശ്ശിക യായിട്ടുള്ള 17164 മത്സ്യത്തൊഴിലാളി കൾക്ക് കടാശ്വാസം നൽകുന്നതിനായി 49,70,20,294/ രൂപ സഹകരണ വകുപ്പ് രജിസ്ട്രാർക്കും, മത്സ്യഫെഡിൽ നിന്നും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്നും എൻ.എം.ഡി. |
| | | | എഫ്.സി, എൻ.ബി.സി.എഫ്.ഡി.സി വായ്പ എടുത്ത് കുടിശ്ശികയായിട്ടുള്ള 308 മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി 35,95,000/ രൂപ മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർക്കും അനുവദിച്ചു നൽകിയിട്ടുണ്ട്. 2012 - 13 സാമ്പത്തിക വർഷം കടാശ്വാസത്തി നായി ബഡ്ജറ്റിൽ തുക |

| | | | |
|---|---|---|---|
| | | | വകയിരുത്തിയിരുന്നില്ല. 2013-14 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി സർക്കാർ വകയിരുത്തിയിട്ടുള്ള 20 കോടി രൂപയിൽ 8,85,61,330/ രൂപ സഹകരണ വകുപ്പ് രജിസ്ട്രാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര തുക അനുവദിച്ച എന്നറിയിക്കുമോ; | (സി) | ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി (എൻ.എഫ്. ഡബ്ല്യൂ.എഫ്) പ്രകാരം 2012-13 വർഷത്തിൽ 800 വീടുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ 16 കോടി രൂപ അനുവദിച്ചിരുന്നു. 2013-14 വർഷത്തിൽ 800 വീടുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ 16 കോടി രൂപ വീട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിതരണം ചെയ്തു വരുന്നു.<br>2011-12 വർഷത്തിൽ ആരംഭിച്ച 13-ാം ധനകാര്യ കമ്മീഷന്റെ മാതൃകാ മത്സ്യഗ്രാമം പദ്ധതി മുഖേന 2106 വീടുകൾക്ക് 2.5 ലക്ഷം രൂപ നിരക്കിൽ 52.65 കോടി രൂപയും 2867 വീടുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ 57.34 കോടി രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്. |
| ഡി) | ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ധന സഹായം 5 ലക്ഷം രൂപയായി ഉയർത്തുമോ; | ഡി) | ഇപ്പോൾ പരിഗണനയിലില്ല |
| ഇ) | ഭവന നിർമ്മാണത്തിനു പുതിയ പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ? | ഇ) | ഭവന നിർമ്മാണത്തിനായി ഹഡ്കോയുടെ ധനസഹായത്തോടെ കെ.എസ്.സി.എ.ഡി.സി മുഖേന 167 കോടി രൂപ ചെലവിൽ 7500 മത്സ്യത്തൊഴിലാളി ഭവനങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ